# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.137/2024 തിരുവനന്തപുരം, തീയതി: 21/06/2024

# പത്രക്കുറിപ്പ്

## കേരളസർവകലാശാല ബിരുദ പ്രവേശനം – 2024
## സ്പോർട്സ് ക്വാട്ട സർട്ടിഫിക്കറ്റ് പുനഃപരിശോധന

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്നും വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് റിജക്ടായ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്ലോഡ് ചെയ്ത സർട്ടിഫിക്കറ്റിന്റെ ന്യൂനത പരിഹരിച്ച് 2024 ജൂൺ 24 ന് 5 മണി വരെ പ്രൊഫൈലിൽ അപ്ലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. 2024 ജൂൺ 24 ന് 5 മണിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ–മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല.

### നാലു വർഷ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാം - അഡ്മിഷൻ

**കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ ആരംഭിക്കുന്ന നാലു വർഷ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകളിലെ ഏതാനും ഒഴിവുകളിലേക്കുള്ള അഡ്മിഷൻ 25/06/2024 ന് അതാത് ഡിപ്പാർട്ട്മെന്റുകളിൽ നടക്കും. പ്രൊഫൈലിൽ നിന്നും Memo ഡൗൺലോഡ് ചെയ്ത് അസൽ സർട്ടിഫിക്കറ്റുകളുമായി എത്തണം.**

## പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2024 ജൂൺ 25 മുതൽ നടത്താനിരുന്ന പാർട്ട് ഒന്ന്, രണ്ട് ബി.എ./ ബി.എ. അഫ്സൽ–ഉൽ–ഉലാമ (സാഹിത്യാചാര്യ/രാഷ്ട്രഭാഷ പ്രവീൺ പാസ്സായ വിദ്യാർത്ഥികൾ ഉൾപ്പെടെ) ബി.കോം./ബി.പി.എ./ബി.എസ്സി. (ആന്വൽ/വിദൂരവിദ്യാഭ്യാസം) (റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷകൾ 2024 ജൂൺ 26 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## വൈവവോസി

കേരളസർവകലാശാല 2024 ജൂൺ 6 ന് ആരംഭിച്ച നാലാം സെമസ്റ്റർ M.P.E.S. (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഡെസ്സേർട്ടേഷൻ വൈവവോസി പരീക്ഷ 2024 ജൂൺ 26 ബുധനാഴ്ച കാര്യവട്ടം ലക്ഷ്മി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷനിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ് തീയതി നീട്ടി

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്സി./ബി.കോം. (റെഗുലർ - 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2021 അഡ്മിഷൻ, സപ്ലിമെന്ററി - 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് - 2013-2016 & 2018 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. 150 രൂപ പിഴയോടെ 2024 ജൂൺ 25 വരെയും 400 രൂപ പിഴയോടെ ജൂൺ 27 വരെയും നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഫിനിഷിംഗ് സ്കൂളിൽ അപ്ലൈഡ് പ്ലാന്റ് സയൻസ് (ഹ്രസ്വകാല) പരിശീലന കോഴ്സിന് ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി നീട്ടിയിരിക്കുന്നു

കേരളസർവകലാശാല ബോട്ടണി പഠന വിഭാഗം നടത്തുന്ന അപ്ലൈഡ് പ്ലാന്റ് സയൻസ് ഫിനിഷിംഗ് സ്കൂളിലെ ഹ്രസ്വകാല പരിശീലന കോഴ്സിന് 2024 ജൂൺ ബാച്ചിലേക്ക് പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി 2024 ജൂൺ 18 ൽ നിന്നും ജൂൺ 30 ലേക്ക് നീട്ടിയിരിക്കുന്നു. യോഗ്യത: ബോട്ടണി അല്ലെങ്കിൽ തത്തുല്യ വിഷയങ്ങളിൽ 60% മാർക്കോടെ ബിരുദാനന്തര ബിരുദം. അവസാന വർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്. പരിശീലന മേഖലകൾ 1) നഴ്സറി മാനേജ്മെന്റും കൊമേഷ്യൽ പ്ലാന്റ് ടിഷ്യുകൾച്ചറും 2) ബയോ ഇൻസ്ട്രുമെന്റേഷനും ടെക്നിക്കുകളും, 3) ഫൈറ്റോകെമിക്കൽ എക്സ്ട്രാക്ഷനും ഹെർബൽ കോസ്മെറ്റിക്കുകളും. കോഴ്സ് ഫീസ്: 1000/- രൂപ, കാലാവധി: 3 മാസം. താൽപ്പര്യമുള്ളവർ https://forms.gle/Ju5igxjS2qXRiUXf6 എന്ന ലിങ്കിൽ ലഭ്യമായ ഓൺലൈൻ ഫോം വഴി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. വിശദമായ വിജ്ഞാപനവും അപേക്ഷാഫോറവും കേരളസർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://www.keralauniversity.ac.in/dept/downloads/3_1718801862.pdf) പൂരിപ്പിച്ച അപേക്ഷഫോമും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അഡ്മിഷൻ സമയത്ത് കേരളസർവകലാശാല ബോട്ടണി പഠന വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240